**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ**

**അഡീഷണൽ ഡയറക്ടർ (A & T) യുടെ നടപടിക്രമം**

വിഷയം : ആ.വ.ഡ – ജീവനക്കാര്യം – **01.11.2007** – **31.12.2012** വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **II** സീനിയോറിറ്റി പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്തിയ നടപടി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. Order No.ES-9528/2023/DHS dated 11/02/2024

2. ജിമെആ പി.ടി.എ/**2456/2024**-എ3 തീയതി **19/02/2024**

3. Advice No.IDB (2)279/06/KPSC Idukki dated 04/11/2011

4. Order No.EG3-179/2012/DHS dated 01/02/2012

5. നം. ഇ.എസ്1- **14723/2024**/ആ.വ.ഡ/തീയതി : **03/10/2024**

**ഉത്തരവ് നം.ഇ.എസ്.1/14723/2024/ആവഡ/തീയതി:10-03-2025**

ആരോഗ്യവകുപ്പിൽ **01.11.2007** മുതൽ **31.12.2012** വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പരാമർശം **(1)** പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പത്തനംതിട്ട കടപ്ര പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് **II** ശ്രീ. പ്രശാന്ത് കുമാർ. റ്റി. എസ് **(PEN 663969)** ടി സീനിയോരിറ്റി പട്ടികയിലെ ലിസ്റ്റ് **II** ൽ റാങ്ക് നം.**549** ആയി ഉൾപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലാ പി എസ് സി യുടെ നിയമന ശുപാർശ മുഖേന **1-11-2011** ൽ ജോലിയിൽ പ്രവേശിച്ച ടിയാന് ഇടുക്കി ജില്ലയിൽ നിന്നും അന്യത്ര സേവനത്തിൽ പ്രവേശിച്ചിരുന്ന ജെ.എച്ച്.ഐ ശ്രീ.ഗോപകുമാർ, അന്യത്ര സേവനം കഴിഞ്ഞ് ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുവാൻ റിപ്പോർട്ട് ചെയ്തപ്പോൾ ഇടുക്കി ജില്ലയിൽ ജെ.എച്ച്.ഐ ഒഴിവ് ഇല്ലാതിരുന്നതിനാൽ ഇടുക്കി ജില്ലയിൽ ഏറ്റവും ജൂനിയർ ആയി നിയമിതനായിരുന്ന ശ്രീ.പ്രശാന്ത് കുമാർ. റ്റി.എസിനെ പത്തനംതിട്ട ജില്ലയിൽ ഉണ്ടായിരുന്ന ഒഴിവിൽ താത്കാലികമായി നിയമിക്കുകയും ഇടുക്കി ജില്ലയിൽ ഒഴിവ് വരുമ്പോൾ തിരികെ പ്രവേശിപ്പിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും അതുപ്രകാരം ടിയാൻ പത്തനംതിട്ട

ജില്ലയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

സീനിയോരിറ്റി പട്ടിക തയ്യാറാക്കുമ്പോൾ രണ്ടാമത്തെ ജില്ലയിൽ പ്രവേശിച്ച തീയതി സീനിയോരിറ്റി നൽകണമെന്ന വ്യവസ്ഥ പ്രകാരം ലിസ്റ്റ് II ൽ സീനിയോരിറ്റി സ്ഥാനം 549 അനുവദിച്ച് ഉത്തരവായിരുന്നു.

മേൽ പരാമർശം (3) പ്രകാരം പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ചതിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിരുന്നത് ശ്രീ.പ്രശാന്ത് കുമാർ. റ്റി എസിന്റെ അപേക്ഷ പ്രകാരം അല്ലാ എന്നും ഇടുക്കി ജില്ലയിൽ ഒഴിവ് ഇല്ലാതിരുന്നതിനാലാണെന്നും ബോധ്യപ്പെട്ടതിനാൽ സീനിയോരിറ്റി സ്ഥാനം 507 A ആയി പുനർനിർണ്ണയിച്ചു മേൽ പരാമർശം (5) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ ആക്ഷേപങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ശ്രീ.പ്രശാന്ത് കുമാർ. റ്റി.എസിനെ 01/11/2007 മുതൽ 31/12/2012 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോരിറ്റി പട്ടികയിൽ താൽക്കാലികമായി 507 A സ്ഥാനം നൽകി പരാർമശം (5) പ്രകാരം സ്വീകരിച്ച നടപടി സ്ഥിരപ്പെടുത്തിയും നേരത്തെ നൽകിയിരുന്ന 549 എന്ന സ്ഥാനം റദ്ദ് ചെയ്തും ഉത്തരവാകുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു

| Rank No | Name & PEN | Date of birth | Qualification | By transfer appointment order | Date entry in service | Remarks |
|---|---|---|---|---|---|---|
| 507 | Enasuraj.P 329381 | 02-11-1978 | SSLC SIC | EG3/52430/2009/DHS dated 24-10-2011 | 18-10-2004 | |
| **507 A** | Prasanth Kumar.T.S 663969 | 30-05-1979 | BA SIC | IDB(II)279/2006/KPSC Idukki dated 04-11-2011 | 01-12-2011 | Cancelled rank No.549 |
| 508 | Sumesh.G.O 649194 | 31-05-1975 | PDC SIC | DTG(2) 404/06/KPSC, Tvpm dated 08-11-2011 | 12-12-2011 | |

Signed by Jayasree V
Date: 10-03-2025 11:25:20

DR. JAYASREE V
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

ശ്രീ. പ്രശാന്ത് കുമാർ. റ്റി. എസ് (PEN 663969)

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ് -

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)

   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

2. മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം,കടപ്ര , പത്തനംതിട്ട

3. സീനിയർ സൂപ്രണ്ട്, ഇ.ജി സെക്ഷൻ

4. ഫയൽ/കരുതൽ ഫയൽ

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (എ & റ്റി ) യുടെ നടപടിക്രമം</u>**

വിഷയം : - ആ.വ.ഡ–ജീവനക്കാര്യം –2007 മുതൽ 2012 വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത്ഇൻസ്പെക്ടർ ഗ്രേഡ് II സീനിയോററിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ചു പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവാകുന്നു.

പരാമർശം: - 1. Order No. ES.1-9528/23/DHS dated 11/06/2024

2. Letter No. DMOH - TSR/7597/2024-A4 dated 28/10/2024

3. Notice No.ES1- 25470/2024/DHS dated 14/01/2025

<u>ഉത്തരവ് നമ്പർ ഇ.എസ്.1-25470/2024/ആവഡ തീയതി:10-03-2025</u>

മേൽ പരാമർശം (1) പ്രകാരം 2007 മുതൽ 2012 വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാതെ പോയിട്ടുള്ള തൃശ്ശൂർ, തെക്കുംകര കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.ജയൻ.കെ.എസ് നെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (2) പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ.ജയൻ.കെ.എസ്, GO (MS) No.509/2011 H&FWD dated 01/10/2011 പ്രകാരവും തൃശ്ശൂർ ഡി എം ഓ യുടെ ഉത്തരവ് നമ്പർ A4/413/2011/DMOH TSR dated 18/11/2011 പ്രകാരവും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 23/11/2011 ന് സേവനത്തിൽ പ്രവേശിച്ചു. സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് വിജയിച്ചിട്ടുള്ളതിനാൽ ടിയാനെ മേൽ പരാമർശ ഉത്തരവ് (1) പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിലെ (ലിസ്റ്റ് II) ൽ 508 A എന്ന സ്ഥാനം താത്കാലികമായി നൽകി ഉൾപ്പെടുത്തുന്നതിലേക്കായി പരാമർശം ( 3 ) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. അതിന്മേൽ ആക്ഷേപങ്ങൾ ഒന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ശ്രീ.ജയൻ കെ.എസ് നെ പരാമർശം (1) പ്രകാരമുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II സീനിയോരിറ്റി പട്ടികയിൽ പരാമർശം (3) പ്രകാരം താൽക്കാലികമായി നൽകിയ 508 A എന്ന സ്ഥാനം സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Inclusion in the Seniority List of Junior Health Inspector Grade II for the period from 01/01/2007 to 31/12/2012 (Order No. ES1-9528/23/DHS dated 11/06/2024) | | | | | | | |
|---|---|---|---|---|---|---|---|
| Sl. No | Name & PEN | Date of Birth | Date of entry in Service | QUALIFICATION | G.O No./PSC Advice | Rank No. | Remarks |
| 1 | Sri.Jayan K S | 17/05/1971 | 23/11/2011 | SSLC, SIC | GO(MS)No.509/2011 H&FWD dated 01/10/2011 & A4/413/2011/DMOH TSR dated 18/11/2011 | 508 A | Between Sri. SUMESH G O (Rank .No.508) and JAYAN. O ( Rank No.509 |

**Signed by Jayasree V**
**Date: 10-03-2025 11:18:36**

DR. JAYASREE V

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

ശ്രീ.ജയൻ കെ .എസ്

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

എഫ് എച്ച് സി, തെക്കുംകര, തൃശൂർ (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)

   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

2. സൂപ്രണ്ട് . ഇ .ജി. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ